# ദൈവസ്മരണയിലേക്ക് നയിക്കുന്നവനാണ് യഥാർഥ സുഹൃത്ത്

عَنِ ابْنِ عَبَّاسٍ رَضِيَ اللّٰهُ تَعَالَى عَنْهُمَا قَالَ: قِيلَ "يَا رَسُولَ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ أَيُّ جُلَسَائِنَا خَيْرٌ؟" قَالَ: "مَنْ ذَكَّرَكُمْ بِاللّٰهِ مَنْظَرُهُ وَزَادَ فِي عِلْمِكُمْ مَنْطِقُهُ وَذَكَّرَكُمْ بِالْآخِرَةِ عِلْمُهُ." (أخرج البخارى فى الأدب المفرد).

**ഇബ്നു അബ്ബാസിൽനിന്ന് നിവേദനം: നബി(സ)യോട് ആരോ ചോദിച്ചു: "ഞങ്ങളുടെ സുഹൃത്തുക്കളിൽ ഉത്തമനാരാണ്?" നബി(സ) പറഞ്ഞു: "ഒരാളെ കാണുന്നത് നിങ്ങളിൽ ദൈവസ്മരണയുണ്ടാക്കുന്നു, അയാളുടെ സംസാരം നിങ്ങൾക്ക് അറിവ് നൽകുന്നു, അയാളുടെ പ്രവൃത്തി നിങ്ങളിൽ പരലോക ചിന്തയുണ്ടാക്കുന്നു; എങ്കിൽ അവനാണ് ഉത്തമ സുഹൃത്ത്."** (ഇമാം ബുഖാരി ***അദബുൽ മുഫ്റദിൽ*** രേഖപ്പെടുത്തിയത്).

ഒരാളുടെ ജീവിതത്തിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന വ്യക്തികളാണ് അയാളുടെ സുഹൃത്തുക്കൾ. ചങ്ങാതിമാരെ തെരഞ്ഞെടുക്കുന്നതിൽ പലരും പല മാനദണ്ഡങ്ങൾ സ്വീകരിക്കാറുണ്ട്. ഏതു മാനദണ്ഡമാണോ നാം സ്വീകരിക്കുന്നത് അതവനിൽ ഇല്ലാതാകുമ്പോൾ സുഹൃദ്ബന്ധം അവസാനിക്കുന്നു. വിശ്വാസിയെ സംബന്ധിച്ചേടത്തോളം അവന്റെ എല്ലാ ഐഹിക വ്യവഹാരങ്ങളും ഇഹലോക നന്മയോടൊപ്പം പരലോക നന്മയും ലക്ഷ്യം വെക്കുന്നതായിരിക്കണം. പാരത്രിക ജീവിതവിജയം അപകടപ്പെടുത്തുന്നതായ ഒരു ബന്ധവും അവന് സ്വീകരിക്കാൻ സാധ്യമല്ല. "സുഹൃത്തുക്കൾ മൂന്ന് വിധമാണ്: ഒന്ന്, ആഹാരം പോലെ അനിവാര്യമായത്. രണ്ട്, ഔഷധം പോലെ ആവശ്യമുള്ളപ്പോൾ വേണ്ടത്. മൂന്ന്, രോഗം പോലെ ഒരിക്കലും വേണ്ടാത്തത്" (മഅ്മൂൻ).

സുഹൃത്തിനെ തെരഞ്ഞെടുക്കുമ്പോൾ വിശ്വാസി സ്വീകരിക്കേണ്ട മാനദണ്ഡങ്ങളാണ് ഈ ഹദീസ് വിശദീകരിക്കുന്നത്. സുഹൃത്തിനോടൊപ്പമുള്ള സഹവാസവും സംസാരവും പുതിയ അറിവ് നൽകുന്നതാകണം. അവന്റെ പ്രവൃത്തി പരലോക സ്മരണ ഉണർത്തുന്നതാകണം. അല്ലാഹുവിന്റെ പേരിൽ ഒരുമിച്ച സുഹൃത്തുക്കൾക്കാണ് പരലോകത്ത് അല്ലാഹുവിന്റെ തണൽ ലഭിക്കുക. നബി(സ) പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ സ്നേഹിതന്മാരായവർ. അവനു വേണ്ടി അവർ ഒരുമിച്ചു. അവനു വേണ്ടിയാണ് പിരിഞ്ഞത്." റസൂൽ(സ) പറഞ്ഞു: "വ്യക്തിയെ തിരിച്ചറിയുന്നത് അയാളുടെ സുഹൃത്തിന്റെ ദീനിന്റെ അടിസ്ഥാനത്തിലാണ്." യഥാർഥത്തിൽ ഒരാളുടെ കണ്ണാടിയാണ് സുഹൃത്ത്. നബി(സ) അനുചരന്മാർക്ക് നേതാവ് മാത്രമായിരുന്നില്ല, നല്ല മാതൃകാ കൂട്ടുകാരനുമായിരുന്നു. ആ വൈകാരിക ബന്ധം പ്രവാചകൻ പ്രകടിപ്പിക്കുകയും ചെയ്തു. 'മുആദേ ഞാൻ താങ്കളെ ഇഷ്ടപ്പെടുന്നു' എന്ന് പറയുന്ന നബി(സ) അദ്ദേഹത്തോട് 'അല്ലാഹുവേ നിനക്ക് ഇബാദത്ത് ചെയ്യാനും നിന്നെ സ്മരിക്കാനും നന്ദി കാണിക്കാനും സഹായിക്കേണമേ' എന്ന പ്രാർഥന ശീലിക്കാനും നിർദേശിക്കുന്നു. നല്ല സുഹൃത്ത് നമ്മളിൽ ദൈവസ്മരണ ഉണ്ടാക്കുമെന്ന് സാരം.

ഒരിക്കൽ റസൂൽ(സ) ഒരു കുറ്റിക്കാട്ടിൽനിന്ന് രണ്ട് കമ്പുകൾ പെറുക്കിയെടുത്തു. ഒന്ന് നേരെയുള്ളതും മറ്റേത് വളഞ്ഞതും. നേരെയുള്ളത് പ്രവാചകൻ അടുത്തുള്ള അനുചരന് നൽകി. വളഞ്ഞത് നബി(സ) എടുത്തു. ഇത് കണ്ട് സ്വഹാബി ചോദിച്ചു: "നേരെയുള്ള കമ്പിന് എന്നേക്കാൾ അർഹത താങ്കൾക്കല്ലേ." റസൂൽ പ്രതികരിച്ചു: "ആരെങ്കിലും മറ്റൊരാളെ സുഹൃത്താക്കിയെങ്കിൽ (അത് കുറച്ചു സമയത്തേക്കാണെങ്കിലും) സുഹൃദ് ബന്ധത്തിലെ അല്ലാഹുവിനോടുള്ള ബാധ്യതകൾ അവഗണിച്ചോ അതോ നിറവേറ്റിയോ എന്ന് നാളെ അവൻ ദൈവിക കോടതിയിൽ വിചാരണ ചെയ്യപ്പെടും." നബിയും അബൂബക്റും തമ്മിലുള്ള സുഹൃദ് ബന്ധം മുഴുവൻ വിശ്വാസികൾക്കും മാതൃകയാണ്. പ്രവാചകന്റെ ഓരോ ചലനവും നിരീക്ഷിച്ച് റസൂലിന് കാവലാളായി നിന്ന ആ സ്വഹാബിവര്യൻ എല്ലാ നിലക്കും സൗഹൃദത്തിന്റെ എക്കാലത്തെയും ഉത്തമ മാതൃകയത്രെ. ●